7 (*7) ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം

ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളടക്കമുള്ള ആശുപത്രികളിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ലീവ് എടുത്ത് വിദേശങ്ങളിൽ പോകുന്നതുമൂലം പ്രസ്തുത തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം സംസ്ഥാനത്ത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)മുതൽ (സി)വരെ ഡോക്ടർ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ലാത്തതുമൂലം ആരോഗ്യവകുപ്പിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും താൽക്കാലികമായി നികത്തിയിട്ടുണ്ട്. ഇത്തരത്തിൽ നികത്തിയതിനുശേഷം അസിസ്റ്റന്റ് സർജൻമാരുടെ 98 ഒഴിവുകളാണ് ഇപ്പോൾ ആരോഗ്യവകുപ്പിലുള്ളത്. ഡോക്ടർ നിയമനത്തിന് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിക്കഴിഞ്ഞു. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറക്ക് നിയമനം നടത്തുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലക്ചറർമാരുടെ ഒഴിവുകൾ പി.എസ്.സി.ലിസ്റ്റ് ലഭിക്കുന്ന മുറക്ക് നികത്താറുണ്ട്. പി.എസ്.സി. ലിസ്റ്റിന്റെ അഭാവത്തിൽ ഒഴിവുകൾ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നികത്തുന്നുണ്ട്. ഇത്തരത്തിൽ നികത്തിയശേഷം ലക്ചറർമാരുടെ 92 ഒഴിവുകൾ മാത്രമാണുള്ളത്. ഈ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡി.പി.സി. ലിസ്റ്റ് ഇല്ലാത്തതുമൂലം ഏതാനും ഉയർന്ന തസ്തികകൾ നികത്തപ്പെടാനുണ്ട്. ഡി.പി.സി.കൾ കൂടി, ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ കൈക്കൊണ്ടിട്ടുണ്ട്.

(ഡി)&(ഇ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ചില സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവു പരിഗണിച്ച് പ്രസ്തുത തസ്തികകളെ ദുർല്ലഭ വിഭാഗങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിലെ ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കാറില്ല.

8 (*8) മാനസികരോഗാശുപത്രികളുടെ പ്രവർത്തനം

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മാനസികരോഗ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മാനസികാരോഗ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് എന്നുമുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)&(ബി) സർക്കാർ സ്വീകരിച്ച വിവിധ നടപടികളുടെ ഫലമായി സംസ്ഥാനത്തെ മാനസികരോഗാശുപത്രികൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, ആശുപത്രികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 1993-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 122/93/ആ.കു.വ തീയതി 1.11.93 പ്രകാരം മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിക്കുകയുണ്ടായി. 1997-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 110/97/ആ.കു.വ തീയതി 22.3.97-പ്രകാരം മെന്റൽ ഹെൽത്ത് അതോറിറ്റി പുനർവിന്യസിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് സെക്രട്ടറി ചെയർമാനും, ആരോഗ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് എന്നിവർ ഔദ്യോഗികാംഗങ്ങളും ഡോക്ടർ ജെയിംസ് റ്റി. ആന്റണി ഡോ. ജഗദാംബിക, ശ്രീ. വിശ്വനാഥൻ എന്നിവർ അനൗദ്യോഗികാംഗങ്ങളുമാണ്.

(ഡി)&(ഇ) കരട് തയ്യാറാക്കി സർക്കാരിന്റെ പരിശോധനയിലാണ്.

9 (*9) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കമ്പ്യൂട്ടർ വൽക്കരണം

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.